**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5544** | **01.07.2019-ൽ മറുപടിക്ക്**

# ടൂറിസം രംഗത്ത് നിയമാനുസൃത ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ടൂറിസം രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ; | എ) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിനുള്ള ലൈസൻസ് നൽകുന്നത് ടൂറിസം വകുപ്പ് അല്ല. എന്നാൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ടൂറിസം രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസ് വകുപ്പിനും അതത് ജില്ലാ ഭരണകൂടങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വിവരം കൈമാറുന്നുണ്ട്. |
| ബി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ; | ബി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചാൽ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| സി) സേവനദാതാക്കളുടെ ഗുണ നിലവാരം പരിശോധിച്ച് ടൂറിസം സേവനങ്ങൾക്ക് നികുതിയും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിഴയും നിശ്ചയിക്കുന്നതിനുള്ള ചുമതല ടൂറിസം റെഗുലേറ്ററി അതോറിറ്റിക്ക് നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ? | സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ